**No. 241/2022**

**In the blessed name of the Tri-une God, Self-existent,
Beginningless and Endless, Perfect in Being, (Glory be to Him)
Moran Mar Baselios Marthoma Mathews III Catholicos of the East and
Malankara Metropolitan enthroned on the Apostolic Throne of St. Thomas**

Blessings to our beloved Vicars of the churches, Priests of the locality, *Kaisthanees* and faithful of all the Parishes!

Our dearly beloved in the Lord,

The seven episcopal candidates elected by the Malankara Syrian Christian Association meeting held on February 25, 2022, have been residing at our Devalokam Catholicate Aramana since May 2022, engaged in meditation, prayer and ministerial training. On June 2nd, they were professed 'Rambans' at Parumala. Their consecration as Metropolitans shall take place on 28th of July 2022 at our Pazhanji St. Mary's Orthodox Cathedral of Kunnamkulam Diocese. The whole Church shall await and prepare for the blessed celebration of the consecration, so that it may be perfected by the indwelling of the Holy Spirit. You shall pray unceasingly for the reception of God's grace in abundance. Your prayers and support are indispensable for the newly consecrated Metropolitans in order to discharge the duties entrusted to them in a befitting manner for strengthening the walls of the Holy Church.

Beloved children, relying on the Lord, We wish to consecrate *Saith Oil* (Olive Oil) in our Devalokam Catholicate Aramana Chapel on Saturday, the 13th of August, 2022. *Saith Oil* is specially consecrated in the Church for use in the sacraments of Holy Baptism and for Anointing the Sick. The consecrated *Saith Oil*, which is known as the oil of gladness and the oil of healing, is highly sacred and is a divine oil of immense spiritual significance. We solemnly exhort you all to prepare through prayer and fasting for the holy consecration of this divine oil. During these days, let us all await and pray for the indwelling of the Holy Spirit upon the holy oil and to receive through it the invisible grace of the Spirit of God in abundance. All the children of the Holy Church shall pray for the fullness of the power of the Holy Spirit to permeate the whole Church and for the holy consecration of the *Saith Oil* to be a blessing. Let us together beseech God Almighty to strengthen us to perform this service in holiness.

We affectionately remind all our priests and faithful to come and receive blessings by participating in the services of the consecration of the Metropolitans as well as in the consecration of *Saith Oil.* All our parishes shall extend their full cooperation for both services.

May the Grace and Blessings of God Almighty abide with you forever. And may the prayers of the Mother of our God the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and of all the Holy Saints be a stronghold for us. Amen.

Our Father who art in Heaven........

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On July 13, 2022

നമ്പർ: 241/2022

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
2022 ഫെബ്രുവരി 25-ന് കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ, മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത ഏഴ് വൈദികർ മെയ് മാസം മുതൽ നമ്മുടെ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ധ്യാനത്തിലും പ്രാർത്ഥനയിലും പരിശീലനത്തിലും മുഴുകിയിരിക്കുകയാണ്. ജൂൺ മാസം 2-ന് പരുമലയിൽ വച്ച് അവർക്ക് റമ്പാൻ സ്ഥാനം നൽകിയിരുന്നു. 2022 ജൂലൈ മാസം 28-ാം തീയതി നമ്മുടെ കുന്നംകുളം മെത്രാസനത്തിലെ പഴഞ്ഞി സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് അവർ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയാണ്. പരിശുദ്ധ റൂഹായുടെ ആവാസത്താൽ മെത്രാപ്പോലീത്താ സ്ഥാനാഭിഷേക ശുശ്രൂഷകൾ അനുഗ്രഹപ്രദമായി പൂർത്തിയാക്കുവാൻ സഭയൊന്നായി ഒരുക്കത്തോടെ കാത്തിരിക്കണം. ദൈവകൃപ ധാരാളമായി ലഭ്യമാകുവാൻ നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കണം. പരിശുദ്ധ സഭയുടെ ഭിത്തിയെ ബലവത്താക്കുവാൻ പുതുതായി വാഴിക്കപ്പെടുന്ന മെത്രാപ്പോലീത്താമാർക്ക് സാധ്യമാകുവാനും, ഏൽപ്പിക്കപ്പെടുന്ന ദൗത്യങ്ങൾ യഥാസമയം ഉചിതമായ നിലയിൽ വിനിയോഗിക്കുവാനും നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും അനിവാര്യമാണ്.

വാത്സല്യമക്കളെ, 2022 ഓഗസ്റ്റ് മാസം 13-ാം തീയതി ശനിയാഴ്ച നമ്മുടെ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ച് വിശുദ്ധ സൈത്ത് കൂദാശ നിർവ്വഹിക്കുവാൻ നാം കർത്താവിൽ ശരണപ്പെടുകയാണ്. പരിശുദ്ധ സഭയുടെ മാമോദീസാ കൂദാശയിലും, രോഗികളുടെ സൗഖ്യത്തിനായി നടത്തപ്പെടുന്ന തൈലാഭിഷേക ശുശ്രൂഷയിലും ഉപയോഗിക്കുവാനായിട്ടാണ് സൈത്ത് തൈലം പ്രത്യേകമായി കൂദാശ ചെയ്യുന്നത്. ആനന്ദത്തിന്റെയും, സൗഖ്യത്തിന്റെയും തൈലം എന്ന് അറിയപ്പെടുന്ന സൈത്ത് അതിപരിശുദ്ധമായതും ഏറെ ആത്മീയ പ്രാധാന്യം ഉള്ളതുമായ ദിവ്യതൈലമാണ്. ഈ വിശുദ്ധതൈലം കൂദാശ ചെയ്യുന്നതിനായി പരിശുദ്ധ സഭ മുഴുവനും പ്രാർത്ഥനയോടും നോമ്പോടുംകൂടി പ്രത്യേകമായി ഒരുങ്ങണമെന്ന് നാം ഗൗരവപൂർവ്വം നിങ്ങളെ പ്രബോധിപ്പിക്കുന്നു. കൂദാശ ചെയ്യപ്പെടുന്ന വിശുദ്ധ സൈത്ത് തൈലത്തിന്മേൽ പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടാകുന്നതിനും അതുമൂലം ദൈവാത്മാവിന്റെ അദൃശ്യമായ കൃപ സമൃദ്ധിയായി ലഭിക്കുന്നതിനും ഈ ദിനങ്ങളിൽ നമുക്ക് കാത്തിരുന്ന് പ്രാർത്ഥിക്കാം. പരിശുദ്ധാത്മ ശക്തിയുടെ നിറവ് പരിശുദ്ധ സഭ മുഴുവൻ ഉണ്ടാകുന്നതിനും, പരിശുദ്ധ സൈത്ത് കൂദാശ പരിപൂർണ്ണമായും അനുഗ്രഹപ്രദമാകുന്നതിനും, ഇത് വിശുദ്ധിയോടെ നിർവ്വഹിക്കുവാൻ ദൈവംതമ്പുരാൻ നമ്മെ ശക്തരാക്കുന്നതിനും വേണ്ടി സഭാമക്കൾ ഏവരും മുട്ടിപ്പായി പ്രാർത്ഥിക്കണം.

മെത്രാൻ സ്ഥാനാഭിഷേകത്തിലും, വിശുദ്ധ സൈത്ത് കൂദാശയിലും നമ്മുടെ വൈദികരും വിശ്വാസികളും വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുകയും നമ്മുടെ എല്ലാ ഇടവകകളുടെയും സഹായസഹകരണങ്ങൾ ഈ ശ്രേഷ്ഠമായ ശുശ്രൂഷയ്ക്ക് ഉണ്ടാവുകയും ചെയ്യണമെന്ന് നാം സ്നേഹത്തോടെ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........

2022 ജൂലൈ മാസം 13-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**